2024 ആഗസ്റ്റ്
01-15
Digital News Report

# സ്കൂൾ മുറ്റം

*Voice of Our Lady's C G H S Thoppumpady*

Little kites
OLCGHSS
Thoppumpady
ദ്വൈവാര വാർത്താപത്രിക

ഔവർ ലേഡീസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, തോപ്പുംപടി, കൊച്ചി - 682005, എറണാകുളം

ലക്കം 5 പേജ് 1



## സ്കൂൾ കലോത്സവം
## നൂപുരം - 2024
ആഗസ്റ്റ് 7, 8






കൊച്ചി: ഔവർ ലേഡീസ് സ്കൂൾ കലോത്സവം 'നൂപുരം 2024' ന് ആഗസ്റ്റ് 7ന് തിരശ്ശീലയുയർന്നു. ഗായകനും സംഗീത സംവിധായകനുമായ ജിൻസ് ഗോപിനാഥ് സ്കൂൾകലോത്സവം ഉദ്ഘാടനം ചെയ്തു.
റവ. സിസ്റ്റർ മിനി ആന്റണി (ഒ. എൽ. സി. ജി. എച്ച്. എസ്. ഹെഡ് മിസ്ട്രസ്) അധ്യക്ഷത വഹിച്ചു. യോഗത്തിൽ സിസ്റ്റർ മോളി ദേവസ്സി (പ്രിൻസിപ്പൽ), പി.ടി.എ. പ്രസിഡന്റ് റോണി റാഫേൽ എന്നിവർ ആശംസകൾ നേർന്നു.



ലക്ഷ്മി സി.എസ്. XF

മുഖ്യാതിഥിയായ ജിൻസ് ഗോപിനാഥ് 'നീല നിലവേ' എന്ന ഗാനം ആലപിക്കുകയും വിദ്യാർഥിനികൾ പാട്ടിന് ചുവടുവയ്ക്കുകയും ചെയ്തു.
മൂന്ന് വേദികളിലായാണ് മത്സരങ്ങൾ പ്രധാനമായും സംഘടിപ്പിച്ചത്. മോഹിനിയാട്ടം, കുച്ചുപ്പുടി, ഭരതനാട്യം, നാടോടിനൃത്തം, ഒപ്പന, നാടകം എന്നീ കലാമത്സരങ്ങൾ ആദ്യദിനം നടന്നു. തുടർന്ന് 8-ാം തീയതി സംഘനൃത്തം, നാടൻ പാട്ട്, ദേശഭക്തിഗാനം, മാർഗ്ഗംകളി തുടങ്ങിയ ഇനങ്ങളിൽ മത്സരങ്ങൾ നടന്നു. സ്കൂൾ കലോത്സവത്തിന്റെ ഭാഗമായുള്ള ലളിതഗാനം, ശാസ്ത്രീയ സംഗീതം, മാപ്പിളപാട്ട്, മലയാളം, ഇംഗ്ളീഷ്, ഹിന്ദി, ഉർദ്ദു എന്നീ ഭാഷ കളിലുള്ള കവിതാ പാരായണം, പ്രസംഗം തുടങ്ങിയ മത്സരങ്ങളും കഥ, കവിത, ഉപന്യാസം തുടങ്ങിയ രചനാമത്സരങ്ങളും ആഗസ്റ്റ് 5, 6 തീയ്യതികളിലായി വിദ്യാലയത്തിൽ നടന്നു.

## *HS* കിരീടം പങ്കുവെച്ച് X C, X F
## *UP* കിരീടം VI E നേടി





ഓവറോൾ ഒന്നാം സ്ഥാനം-XC&XF അധ്യാപകർക്കൊപ്പം



സാന്ദ്ര എസ്.വി. , IX F



ഓവറോൾ രണ്ടാം സ്ഥാനം -X B





ഓവറോൾ ഒന്നാം സ്ഥാനം - VI E (UP)







ഓവറോൾ രണ്ടാം സ്ഥാനം -VII E (UP)





നാടൻപാട്ട് മത്സരത്തിൽ നിന്ന്







ഒപ്പന - മണവാട്ടികൾ കണ്ടുമുട്ടിയപ്പോൾ

## 78-ാം സ്വാതന്ത്ര്യ ദിനാഘോഷം



തോപ്പുംപടി: 78-ാം സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ ആഗസ്റ്റ് 14,15 തീയ്യതികളിലായി വിദ്യാലയത്തിൽ നടന്നു. ഹൈസ്കൂൾ, ഹയർ സെക്കന്ററി, ടി.ടി.ഐ. തുടങ്ങിയ വിഭാഗങ്ങൾ ഒരുമിച്ചാണ് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് ആരംഭം കുറിച്ചത്. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ മോളി ദേവസി അധ്യക്ഷത വഹിച്ചു. ഹൈസ്കൂൾ അധ്യാപിക ലിന്റ ഡി.പി. സ്വാഗതം ആശംസിച്ചു. മുഖ്യാതിഥി എക്സൈസ് ഇൻസ്പെക്ടർ ജയരാജ് വി. ആയിരുന്നു. അദ്ദേഹം ഓട്ടൻ തുള്ളലിലൂടെ ലഹരി വിരുദ്ധ സന്ദേശം നൽകി. പതിനൊന്നാം ഡിവിഷൻ കൗൺസിലർ ഷീബ ഡ്യൂറോം,പി.ടി.എ. പ്രസിഡന്റ് റോണി റാഫേൽ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ജയലാൽ, ഹൈസ്കൂൾ ഹെഡ് മിസ്ട്രസ് സിസ്റ്റർ. മിനി ആന്റണി എന്നിവർ സന്നിഹിതരായിരുന്നു.



ലഹരി വിരുദ്ധ സന്ദേശം നൽകുന്ന ജയരാജ് വി., എക്സൈസ് ഇൻസ്പെക്ടർ

ആഗസ്ററ് 15ന് രാവിലെ 9-മണിക്ക് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ മോളി ദേവസ്സി പതാക ഉയർത്തുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു. ഹയർ സെക്കന്ററി വിഭാഗം വിദ്യാർത്ഥിനികൾ ദേശഭക്തി ഗാനം ആലപിച്ചു. എസ്.പി.സി., ഗൈഡിങ് അംഗങ്ങളും വിദ്യാർത്ഥികളും ചേർന്ന് വളരെ വർണ്ണാഭമായ സ്വതന്ത്രദിന പരേഡും നടത്തി. ദേശീയ ഗാനത്തോടുകൂടി പരിപാടികൾ സമാപിച്ചു.





യു.പി. വിഭാഗം കുട്ടികൾ സ്വാതന്ത്ര്യ സമര സേനാനികളുടെ വേഷത്തിൽ ഭാരതാംബികയ്ക്കൊപ്പം.

## ഫുഡ് ഫെസ്റ്റ്

ചാരിറ്റിയുടെ ഭാഗമായി ഫണ്ട് സ്വരൂപിക്കുന്നതിനുവേണ്ടി കലോത്സവദിനങ്ങളിൽ കെ.സി.എസ്.എൽ., വൈ.എസ്.എം.



എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ഫുഡ് ഫെസ്റ്റ് നടത്തുകയുണ്ടായി. ഫുഡ് ഫെസ്റ്റ് ജിൻസ് ഗോപിനാഥ് ഉദ്ഘാടനം ചെയ്തു.



## ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ്



കൊച്ചി : ഔവർ ലേഡീസ് സ്കൂളിലെ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ലിറ്റിൽ കൈറ്റ്സ് (2024 - 2027 ബാച്ച്) അംഗങ്ങളുടെ പ്രിലിമിനറി ക്യാമ്പ് ആഗസ്റ്റ് 13 ന് സ്കൂളിൽ വച്ച് നടന്നു. ഹെഡ് മിസ്ട്രസ് സിസ്റ്റർ മിനി ആന്റണി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലാ കൈറ്റ് മാസ്റ്റർ ട്രെയിനർ സിജോ ചാക്കോ ക്യാമ്പ് നയിച്ചു. നാല്പതു കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ആനിമേഷൻ, പ്രോഗ്രാമിങ്, റോബോട്ടിക് തുടങ്ങിയവ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറുകളും അവ നിർമ്മിക്കുവാനുള്ള ബാലപാഠങ്ങളും കുട്ടികളെ പരിചയപ്പെടുത്തി. ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാരായ സെറീൻ ടീച്ചറും, മമത ടീച്ചറും ക്യാമ്പിന് നേതൃത്വം നൽകി. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ മാതാപിതാക്കൾക്ക് ലിറ്റിൽ കൈറ്റ്സിനെക്കുറിച്ച് അവബോധം നൽകുവാൻ ഒരു ക്ലാസ്സ് പി.ടി.എ. സംഘടിപ്പിച്ചിരുന്നു. കുട്ടികളുടെ പ്രകടനം മികച്ചതായിരുന്നു എന്ന് മാസ്റ്റർ ട്രെയിനർ അഭിപ്രായപ്പെട്ടു.



ക്ലാസ്സ് പി.ടി.എ.

## സ്കൂൾതല പ്രവൃത്തിപരിചയ മേള

തോപ്പുംപടി: സ്കൂൾതല പ്രവൃത്തിപരിചയ മേള യു.പി. വിഭാഗം മത്സരം ആഗസ്റ്റ് 5 നും ഹൈസ്കൂൾ വിഭാഗം മത്സരം ആഗസ്റ്റ് 6 നും സ്കൂൾ അങ്കണത്തിൽ നടന്നു. രണ്ടു വിഭാഗങ്ങളിലുമായി അഞ്ഞൂറിലധികം കുട്ടികളാണ് പങ്കെടുത്തത്. യു.പി. വിഭാഗത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കി ഓവറോൾ ഒന്നാം സ്ഥാനം സ്റ്റാൻഡേർഡ് VII E യും ഓവറോൾ രണ്ടാം സ്ഥാനം സ്റ്റാൻഡേർഡ് VI D യും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ ഓവറോൾ ഒന്നാം സ്ഥാനം സ്റ്റാൻഡേർഡ് VIII D യും ഓവറോൾ രണ്ടാം സ്ഥാനം സ്റ്റാൻഡേർഡ് X D യും നേടി.



ഓവറോൾ ഒന്നാം സ്ഥാനം- VIII D (HS)




ഓവറോൾ ഒന്നാം സ്ഥാനം- VII E (UP)










## അധ്യാപക സംഗമം
## *2024*

തിരുവനന്തപുരം: എഫ്.എം.എം. സന്യാസ സഭയുടെ കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അധ്യാപക അനധ്യാപകരുടെ സംഗമം 2024 ആഗസ്റ്റ് 10-ാം തീയ്യതി സെന്റ് ഹെലൻസ് ഹൈസ്കൂൾ ലൂർദ്ദുപുരത്ത്(തിരുവനന്തപുരം)വച്ച് നടന്നു.


സംഗമത്തിൽ മറൈൻ എഞ്ചിനീയറിംഗ് കോളേജ് മാനേജർ റവ.ഫാ.ഡോ. എ.ആർ. ജോൺ, അധ്യാപകർക്ക് ക്ലാസ് എടുത്തു. ഈ അധ്യയനവർഷം വിരമിക്കുന്ന അധ്യാപകരെ ചടങ്ങിൽ ആദരിച്ചു. വിവിധ വിദ്യാലയങ്ങളിൽ നിന്നായി 150 ൽ പരം അധ്യാപകർ സംഗമത്തിൽ പങ്കെടുക്കുകയുണ്ടായി.

വിവിധ സ്ഥാപനങ്ങളിലെ അധ്യാപകർ

OLCGHS,Thoppumpady



St Helen's GHS, Lourdepuram



OLCGHSS, Thoppumpady




St.Joachim's UPS, Kaloor



OLCGLPS, Thoppumpady



OLTTI, Thoppumpady



St .Joseph's UPS,Manassery



## ചില അസംബ്ലി പ്രവർത്തനങ്ങൾ

**ആഗസ്റ്റ് 6** :- ഹിരോഷിമ ദിനാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അമ്നാ ഫാത്തിമ കെ.എ. (IX C) പ്രസംഗിച്ചു.

**ആഗസ്റ്റ് 9** :- ക്വിറ്റ് ഇന്ത്യാ ദിനാചരണത്തിന്റെ ഭാഗമായി നെഹ്ല ഫർഹത്ത് കെ.എൻ., ഡാനിയ ഷെയ്ഖ് എന്നിവർ (IXC) ക്വിറ്റ് ഇന്ത്യാ ദിനത്തെക്കുറിച്ച് കുട്ടികളോട് സംസാരിച്ചു.

**ആഗസ്റ്റ് 12**:- അന്താരാഷ്ട്ര യുവജന ദിനത്തിൽ നശാമുക്ത് ഭാരത് അഭിയാൻ കമ്മിറ്റിയുടെ ഭാഗമായി ആഗസ്റ്റ് 12 ന് കുട്ടികൾ അസംബ്ലിമദ്ധ്യേ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു.